വഴിയും 15 പദ്ധതികളിൽ നിന്നായി 91.56 MW സ്ഥാപിതശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ നടന്നുവരുന്ന 12 പദ്ധതികളിൽ നിന്നും 102.6 MW ശേഷി വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. പുതുതായി 88 MW-ന്റെ പദ്ധതി നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. സ്വകാര്യ സംരംഭങ്ങൾ വഴി അഗളിയിലും, രാമക്കൽമേട്ടിലും കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പദ്ധതികൾ ലക്ഷ്യമിട്ടിരുന്നത് പൂർത്തീകരിച്ച് ആകെ 32.85 MW സ്ഥാപിത ശേഷി വർദ്ധിപ്പിച്ചു. കാറ്റിൽ നിന്നും പാലക്കാട് ജില്ലയിലെ അഗളിയിൽ NHPC-യുമായി ചേർന്ന് 82 MW-ന്റെ ഒരു പദ്ധതിയും, കഞ്ചിക്കോട് INOX-ന്റെ 22 MW-ന്റെ പദ്ധതിയും ഇപ്പോൾ പ്രാരംഭ നടപടികളിലാണ്. 16.55206 MW (14 Nos.) സൗരോർജ്ജ പദ്ധതികൾ ബോർഡ് നടപ്പിൽ വരുത്താൽ ലക്ഷ്യമിടുന്നു. ഇവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതുകൂടാതെ NHPC-യുമായി ചേർന്ന് പടിഞ്ഞാറെക്കല്ലടയിൽ 50 MW-ന്റെ പദ്ധതിയും ഉദ്ദേശിക്കുന്നു. 0.71861 MW-ന്റെ grid connected പദ്ധതികൾ സ്ഥാപിക്കുന്നതിനായി 32 ഉപഭോക്താക്കൾ അപേക്ഷ നൽകിയിട്ടുണ്ട്. ഇവയിൽ 10 KW ഗ്രിഡുമായി കണക്ട് ചെയ്തു. ശേഷിക്കുന്നവ ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് കണക്ട് ചെയ്യുന്നതാണ്. ഇവ കൂടാതെ ബ്രഹ്മപുരം ഡീസൽ നിലയത്തിലെ നിലവിൽ പ്രവർത്തനസജ്ജമല്ലാത്ത രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾ മാറ്റി പകരം വാതകമായി മാറ്റിയ എൽ.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഗ്യാസ് അധിഷ്ഠിത ജനറേറ്റർ സെറ്റുകൾ സ്ഥാപിക്കാനുള്ള ഏകദേശം 36-42 MW പദ്ധതി, ബ്രഹ്മപുരം ഡീസൽ വൈദ്യുത നിലയത്തിന് സമീപം ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഏകദേശം 400 MW കൊച്ചിൻ-മംഗലാപുരം പ്രകൃതിവാകത പൈപ്പ് ലൈൻ യാഥാർത്ഥ്യമാക്കുന്നതിനുള്ള കാലതാമസം എന്നിവ മൂലമാണ് ഈ പദ്ധതികൾ ഉദ്ദേശിച്ച തരത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കാത്തത്.

കൽപ്പറ്റ മണ്ഡലത്തിലെ തരിയോട്-കളരിക്കോട് ആദിവാസി കോളനിയിൽ വൈദ്യുതി

39 (4030) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പടിഞ്ഞാറത്തറ സെക്ഷന്റെ പരിധിയിലുള്ള തരിയോട് പഞ്ചായത്തിലെ രണ്ടാം വാർഡിൽപ്പെട്ട കളരിക്കോട് ആദിവാസി കോളനിയിൽ വൈദ്യുതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കോളനിയിലെ വീടുകളിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(സി) ആദിവാസി വിഭാഗത്തിൽപ്പെട്ട ഈ കോളനി നിവാസികൾക്ക് വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തരിയോട് പഞ്ചായത്തിലെ കളരിക്കോട് കോളനിയിൽ 17 വീടുകൾക്ക് നിലവിൽ വൈദ്യുതി കണക്ഷനുണ്ട്.

(ബി) കണക്ഷനുവേണ്ടിയുള്ള പൂർണ്ണമായ അപേക്ഷ സമർപ്പിക്കാത്തതിനാൽ 13 വീടുകൾക്ക് ഇതുവരെ വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. വയറിംഗ് പൂർണ്ണമായും അപകടാവസ്ഥയിലായതിനാലും ചാർജ്ജിനത്തിൽ കുടിശ്ശിക വരുത്തിയതിനാലും മൂന്ന് വീടുകളിലെ വൈദ്യുതി വിച്ഛേദിച്ചിട്ടുണ്ട്. കുടിശ്ശിക സംഖ്യ പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനെ അറിയിച്ചിട്ടുണ്ടെങ്കിലും ഇതുവരെ തുക അടച്ചിട്ടില്ല.

(സി) കുടിശ്ശിക തുക ഒടുക്കുകയും, വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ സമർപ്പിക്കുകയും ചെയ്താൽ മാത്രമേ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കാനാവുകയുള്ളൂ.

കുന്നംകുളം കെ.എസ്.ഇ.ബി. ഡിവിഷൻ ആഫീസിന് കീഴിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചവർ

40 (4031) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം കെ.എസ്.ഇ.ബി ഡിവിഷൻ ആഫീസിനു കീഴിൽ വരുന്ന സെക്ഷൻ ആഫീസിനു കീഴിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചവരിൽ ഇനിയും എത്ര പേർക്ക് കണക്ഷൻ നൽകാനുണ്ട് ;

(ബി) ഇതിൽ ഗാർഹിക, കാർഷിക കണക്ഷനുകൾ എത്ര വീതം വരും; സെക്ഷൻ ആഫീസുതിരിച്ച് പ്രത്യേകം വ്യക്തമാക്കുമോ ;

(സി) ഇത്രയും പേർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 34 കണക്ഷൻ നൽകാനുണ്ട്.

(ബി) വൈദ്യുതി കണക്ഷൻ നൽകാനുള്ളവയുടെ വിവരം താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly